സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ.പി.ഒ തിരുവനന്തപുരം 695003, e-Mail : devaswomaccountsofficer@gmail.com

ഡി.എ.നം. 4824/24/B4 ദേവസ്വം അക്കൗണ്ട്സ് ആഫീസ്

തീയതി: 08.09.2026

## സർക്കുലർ

വിഷയം : 'DIGITAL CASH ACCEPTANCE' സംവിധാനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്.

സൂചന : 1) തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ 31/08/2024-ലെ ROC.1653/23/Edp നമ്പർ നടപടി ഉത്തരവ്.

2) ധനലക്ഷ്മി ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ഹെഡ് 16.07.2026 –ന് ഈ ഓഫീസിന് നൽകിയ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എല്ലാ ദേവസ്വങ്ങളിലും 'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങൾ (QR CODE, POS, SOUND MECHINE) സജ്ജീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ദേവസ്വം കമ്മീഷണറാഫീസിനേയും ഈ ആഫീസിനേയും ചുമതലപ്പെടുത്തി സൂചന ഉത്തരവ് ലഭിച്ചു.

അതിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുൾപ്പെട്ട എല്ലാ അഡ്മിനിസ്റ്റേറ്റീവ് ആഫീസർ കേഡർ, സ്പെഷ്യൽ ഗ്രേഡ്, ഹയർ ഗ്രേഡ്, ഫസ്റ്റ് ഗ്രേഡ്, സെക്കൻഡ് ഗ്രേഡ് സബ് ഗ്രൂപ്പുകളിലും അവയുടെ കീഴിലുള്ള ദേവസ്വങ്ങളിലും 'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങൾ (QR CODE, POS, SOUND MECHINE) സജ്ജീകരിച്ചിട്ടുള്ളതാണ്.

എന്നാൽ ഇപ്രകാരം സജ്ജീകരിച്ചിട്ടുള്ള 'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങൾ പല ദേവസ്വങ്ങളിലും ഉപയോഗിക്കുന്നില്ലായെന്ന് ധനലക്ഷ്മി ബാങ്ക് അധികൃതർ ഈ ഓഫീസിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്.

ദേവസ്വങ്ങളിലേക്ക് എത്തുന്ന ഭക്തജനങ്ങൾക്ക് ബോർഡിന്റെ ഉത്തരവുകൾക്ക് വിധേയമായി കാലാനുസൃതമായ രീതിയിൽ വഴിപാട് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അതിലൂടെ വരുമാന വർദ്ധനവ് ഉണ്ടാക്കുന്നതിനും വരുമാന ചോർച്ചകൾ തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും പ്രതിജ്ഞാബദ്ധരാണ്. ഇതിന് വിപരീതമായി പ്രവർത്തിക്കുന്നത് ഭക്തരുടെ അതൃപ്തിക്കും ബോർഡിന്റെ സാമ്പത്തിക ഭദ്രത തകരുന്നതിനും കാരണമാകും.

ബോർഡിൽ നിന്നും ലഭ്യമായ സിം കാർഡ് നമ്പറും അതാത് സബ് ഗ്രൂപ്പുകളുടെ പേരിലുള്ള മെയിൽ ID -യും ബന്ധപ്പെട്ട ആട്ടോ ഡെബിറ്റ് അക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് വേണ്ട നിർദ്ദേശം ഈ ഓഫീസിൽ നിന്നും നല്കിയിരുന്നെങ്കിലും പല സബ് ഗ്രൂപ്പുകളിലും അത് നടപ്പാക്കിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു.

'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങളായ QR CODE, POS, SOUND MECHINE തുടങ്ങിയവ ദേവസ്വം കൗണ്ടറുകളിൽ സജ്ജീകരിക്കാതെ മനപ്പൂർവ്വമായി മാറ്റിവയ്ക്കുന്നതായി കാണുന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്. ഡിജിറ്റൽ പണമിടപാട് മാത്രം ചെയ്യാൻ തയ്യാറായിവരുന്ന പല ഭക്തരും പ്രസ്തുത സജ്ജീകരണം ഇല്ലാത്തതിനാൽ വഴിപാട് നടത്താതെ തിരികെ പോകാനും കൂടാതെ വഴിപാട് നടത്താനായി ജീവനക്കാരുടെയും മറ്റും സ്വകാര്യ അക്കൗണ്ടിലേക്ക് പണം നിക്ഷേപിക്കപ്പെടാനും ഇത് ഇടയാക്കിയേക്കും.

അതിനാൽ എല്ലാ ദേവസ്വങ്ങളിലും ബോർഡിന്റെ 'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങൾ ഉപയോഗിച്ച് പണം സ്വീകരിക്കപ്പെടുന്നുണ്ട് എന്ന് എല്ലാ ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരും ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ 'ഡിജിറ്റൽ ക്യാഷ് അക്സപ്റ്റൻസ്' സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള എല്ലാ പ്രശ്നങ്ങളും 20.09.2026 ന് മുൻപായി ധനലക്ഷ്മി ബാങ്കിന്റെ ശാഖകളുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ദേവസ്വം അക്കൗണ്ട്സ് ആഫീസർ

പകർപ്പ്

(1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).
(2) ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).
(3) സൂപ്രണ്ട് ഓഫ് പോലീസ്, വിജിലൻസ് ആന്റ് സെക്യൂരിറ്റി ആഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം).
(4) ഫൈനാൻസ് ആന്റ് ഇൻസ്പെക്ഷൻ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്.
(5) എല്ലാ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാർക്കും.
(6) എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.
(7) എല്ലാ അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർക്കും.
(8) ഐ.ടി വിഭാഗം (പ്രസിദ്ധീകരണത്തിനായി).
(9) മാനേജർ, ധനലക്ഷ്മി ബാങ്ക്, നന്ദൻകോട് ശാഖ.
(10) സെക്ഷൻ ഫയൽ.